4. പ്രസ്തുത ഇടപാടിലെ എല്ലാ നടപടിക്രമങ്ങളും സി-ഡിറ്റിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സൂക്ഷ്മ പരിശോധന നടത്തിയശേഷം മാത്രം പ്രസ്തുത കൊറിയർ ഏജൻസിക്ക് നൽകാൻ തുക ബാക്കി ഉണ്ടെങ്കിൽ അത് നൽകാൻ പാടുള്ളൂ.

5. ഗവേണിംഗ് ബോഡിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗങ്ങൾ ഇടയ്ക്കിടെ ചേരേണ്ടതാണ്.

മേൽപ്പറഞ്ഞ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

ഹാഡ പദ്ധതിയിൻകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ

9 (4044) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാഡ (ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി) പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ വിവിധ മണ്ഡലങ്ങളിലായി എത്ര രൂപയുടെ മരാമത്ത് പ്രവർത്തികൾക്ക് 2015-16-ൽ ഭരണാനുമതി നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) എം.എൽ.എ.-മാർ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ഭരണാനുമതി നൽകുമ്പോൾ ഈ വിവരം അതാതു എം.എൽ.എ.-മാരെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഒഴിവാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം ഹാഡ പദ്ധതിയിൻകീഴിൽ നാളിതുവരെ മരാമത്ത് പണികൾക്കായി ഭരണാനുമതി ഒന്നും നൽകിയിട്ടില്ല.

(ബി) മേലിൽ എം.എൽ.എ-മാരെ നിർബന്ധമായും വിവരം അറിയിക്കുന്നതാണ്.

മലയോര വികസന ഏജൻസി

10 (4045) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനത്തിനായി പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ മുഖേന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരാണ് നിർവ്വഹിക്കുന്നത്. കാർഷിക മേഖലയിലെ പദ്ധതികൾ കെ.വി.കെ. അമ്പലവയൽ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവർ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

(ബി) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ എന്നിവർ വിവിധ വകുപ്പുകളിൽ നിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ മൂന്ന് പേരെയും അറ്റന്റർ തസ്തികയിൽ ഒരാളെ ദിവസവേതനാടി സ്ഥാനത്തിലുമാണ് നിയോഗിച്ചിരിക്കുന്നത്.

മലയോര വികസന ഏജൻസി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

11 (4046) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന ഏജൻസിമുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം കൽപ്പറ്റ മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പേര് അടങ്കൽ തുക, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly